**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1526** **07-10-2021 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri Ahammad Devarkovil**<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തുറമുഖങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കാനുള്ള സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പഠനറിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) | പഠനം നടത്തിയിട്ടില്ല. |
| (ബി) | ഇത്തരത്തിൽ തുറമുഖങ്ങളെ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | ടൂറിസം സാധ്യതകൾക്കായി തുറമുഖങ്ങൾ ഏതെല്ലാം രീതിയിൽ ഉപയോഗപ്പെടുത്താനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | തുറമുഖ പരിധിയിൽ ഹാർബർ ക്രാഫ് നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള യാനങ്ങൾക്ക് അനുമതി നൽകുന്നുണ്ട്. ബേപ്പൂർ തുറമുഖത്ത് ടൂറിസ്റ്റുകളെ കൊണ്ടുവരുന്നതിനുള്ള വിദേശ യാത്രാ കപ്പലുകൾക്ക് അനുമതി നൽകിവരുന്നു. ബേപ്പൂരിലെ വടക്കെ പുലിമുട്ട് ടൂറിസ്റ്റുകൾക്ക് നടന്ന് പോകാൻ തക്ക വണ്ണം തയ്യാറാക്കിയിട്ടുണ്ട്. ഇതേ രീതിയിൽ ബേപ്പൂരിലെ തെക്കേ പുലിമുട്ടും വികസിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. കോഴിക്കോട്, ആലപ്പുഴ, വിഴിഞ്ഞം (കോവളം) ബീച്ചുകളിൽ വാട്ടർ സ്പോർട്ട്സ് സംബന്ധമായ പ്രവർത്തനങ്ങൾക്ക് ഏജൻസികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇത് കൂടാതെ കോഴിക്കോട് ലൈറ്റ് ഹൗസിന് സമീപം ഒരു അമ്യൂസ്മെന്റ് പാർക്ക് നടത്താനുള്ള ലൈസൻസും നൽകിയിട്ടുണ്ട്. ആലപ്പുഴയിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആലപ്പുഴ തുറമുഖ ഗോഡൗൺ നവീകരിച്ച് തുറമുഖ മ്യൂസിയം നിർമ്മാണം മുസിരിസ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖ ഓഫീസ് കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ലക്സ്, ഡോർമിറ്ററി എന്നിവ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. കൊടുങ്ങല്ലൂർ തുറമുഖത്ത് കേരള മാരിടൈം അക്കാദമിയോട് |

| | | | |
|---|---|---|---|
| | | | ചേർന്ന് ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ആലോചനയും ആലപ്പുഴ ബീച്ചിൽ ചെറുകിട കച്ചവടം നടത്തുന്നവർക്ക് ഒരേ തരത്തിലുള്ള കിയോസ്കുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ